കഴിഞ്ഞു. പെരിയാറിനു വടക്കുള്ള പ്രദേശങ്ങളും കന്നുകാലി രോഗവിമുക്ത മാക്കുന്നതിനുവേണ്ടി ഈ വർഷം സിസ്റ്റമിക് വാക്സിനേഷൻ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും രോഗലക്ഷണങ്ങൾ കാണപ്പെട്ടാൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോഗപ്രവർത്തനം നടത്തുന്നുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

17(*302) ശ്രീ. വി .കെ. ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ. കെ. രാധ
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം, ആഘോഷവേളയിൽ സൗജന്യ അരിവിതരണം എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനും സൗജന്യമായി അരി നൽകുന്നതിനും എന്ത് തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്നും സഹായം നല്കിവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്തെ സ്കൂളികളിൽ നടപ്പാക്കി വരുന്ന ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരിന് അധികച്ചെലവ് വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളികളിലേയും, സർക്കാർ എയ്ഡഡ് സ്കൂളുകളിലേയും അഞ്ചു മുതൽ ഏഴുവരെ ക്ലാസുകളിൽ പഠിക്കുന്നതും സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നതുമായ എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണവും ആഘോഷവേളകളിലെ സൗജന്യ അരിവിതരണവും മുടക്കം കൂടാതെ നടത്തിവരുന്നു. അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് അംഗീകരിച്ച ലിസ്റ്റ് പ്രകാരം സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ വഴി സ്കൂൾ ഹെഡ്മാസ്റ്റർമാർ അരിയും പയറുവർഗ്ഗങ്ങളും ശേഖരിക്കുകയും അദ്ധ്യയന ദിവസങ്ങളിൽ അത് പാചകം ചെയ്യിച്ച് ഹെഡ്മാസ്റ്റർ, അദ്ധ്യാപകർ,

LIBRARY ARCHIVES Kerala Legislative Assembly

രക്ഷകർത്താക്കൾ എന്നിവർകൂടി ഉൾപ്പെട്ട ഫീഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്യുന്നു. ഇതിനായി ഫീഡിംഗ് അറ്റന്റൻസ്, സ്റ്റോക്ക് രജിസ്റ്റർ മറ്റ് അനുബന്ധരേഖകൾ എന്നിവ സൂക്ഷിക്കുന്നു. ഓരോ മാസവും അനുവദിക്കുന്ന ഭക്ഷ്യ സാധനങ്ങൾ ഉപ ജില്ലാ ഓഫീസറുടെ രേഖാമൂലമായ അനുവാദത്തോടെയും ഇതിന്റെ കണക്കുകൾ സ്കൂളിനും പുറമേ ഉപജില്ലാ ഓഫീസ്, പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ് എന്നിവടങ്ങളിൽ ഓരോ മാസവും ലഭ്യമാക്കുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച പരിശോധന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പുറമേ റവന്യൂ ജില്ലാതലത്തിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസറും നടത്തുന്നു. കൂടാതെ സ്കൂൾ സന്ദർശിച്ച് പരിശോധനയും വാർഷിക പരിശോധനയും നടത്തുന്നുണ്ട്. സ്പെഷ്യൽ അരി നൽകുന്നതിന്റെ അകൗണ്ടൻസും സ്കൂളുകളിൽ സൂക്ഷിക്കുന്നുണ്ട്.

(സി) 1,26,12,93,353 രൂപ.

(ഡി) ഉണ്ട്. ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ സൗജന്യമായാണ് അരി വിതരണം ചെയ്തുവരുന്നത്.

(ഇ) ആറും ഏഴും ക്ലാസുകളിലെ കുട്ടികൾക്ക് കേന്ദ്രത്തിൽനിന്നും അരി ലഭിക്കുന്നില്ല. എന്നുമാത്രമല്ല, ഉച്ചഭക്ഷണ പരിപാടിക്ക് വേണ്ടിവരുന്ന പയറുവർഗ്ഗങ്ങൾ മുഴുവനും സംസ്ഥാന സർക്കാർ വിലയ്ക്ക് വാങ്ങിയാണ് നൽകിവരുന്നത്. ഇതിന് പുറമേ ഓണം, ക്രിസ്തുമസ്സ്, റംസാൻ എന്നീ വിശേഷദിവസങ്ങളിൽ കുട്ടി ഒന്നിന് 5 കിലോ അരിവീതം ഒരു കുട്ടിക്ക് ഒരു വർഷം 15 കിലോഗ്രാം അരി സൗജന്യമായി നൽകിവരുന്നു. കൂടാതെ പാചകക്കൂലി, കടത്തുക്കൂലി ഇനങ്ങളിലും സംസ്ഥാന സർക്കാരിന് അധികച്ചെലവ് വരുന്നുണ്ട്.

സ്ത്രീ തടവുകാരുടെ ക്ഷേമത്തിന് നടപടി

18(*303) ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ സ്ത്രീ തടവുകാരുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ത്രീ തടവുകാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly